## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **494** | 24.01.2018 - ൽ മറുപടിയ്ക്ക് |
|---|---|

### ജി.എസ്.ടി പ്രതികൂലമായി ബാധിച്ച മേഖലകൾ

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ.സി. ദിവാകരൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| | ജി.എസ്.ടി നടപ്പിലാക്കിയത് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ മേഖലകളിൽ എന്ന് വ്യക്തമാക്കാമോ? | 2017 ജൂലൈ 1 മുതലാണ് സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയത്. ജി.എസ്.ടി. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ എങ്ങനെ ബാധിച്ചുവെന്ന് മേഖല/ഇനം തിരിച്ച് വിശദമായ പഠനം നടത്തിയിട്ടില്ല. സംസ്ഥാനം പ്രതീക്ഷിച്ച വരുമാനം ജി.എസ്.ടി.യുടെ തുടക്കത്തിൽ ലഭ്യമായിട്ടില്ലെങ്കിലും പാർലമെന്റ് പാസ്സാക്കിയ കോമ്പൻസേഷൻ നിയമത്തിന്റെ അടിസ്ഥാനത്തിൽ 2015-16 ധനകാര്യ വർഷത്തെ അടിസ്ഥാനമാക്കി 14% വാർഷിക വർദ്ധനവ് നിരക്കിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് നികുതി വരുമാന കുറവിനുള്ള നഷ്ട പരിഹാരം കേന്ദ്രം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ